# കർഷകൻ മാസികയുടെ നീര റിപ്പോർട്ടിനു പിന്തുണയുമായി കർഷക കോൺഗ്രസ്

**വടക്കഞ്ചേരി:** രാഷ്ട്രദീപിക പ്രസിദ്ധീകരണമായ കർഷകൻ മാസികയിലെ നീരയെ സംബന്ധിച്ചുള്ള റിപ്പോർട്ടിനു പിന്തുണയുമായി കർഷക കോൺഗ്രസ് സംസ്ഥാന കമ്മിറ്റി. കേരകർഷകർക്കു സ്വന്തം തെങ്ങുചെത്തി നീര(മധുരക്കള്ള്) ശേഖരിച്ചു വിപണനം നടത്താനുള്ള അവകാശം ലഭിക്കത്തക്കവിധം അബ്കാരി നിയമത്തിൽ ഭേദഗതികൾ വരുത്തണമെന്നു കർഷക കോൺഗ്രസ് സംസ്ഥാന കമ്മിറ്റി അംഗീകരിച്ച പ്രമേയത്തിൽ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.




മേയ് മാസത്തെ കർഷകൻ മാസികയിൽ വന്ന നീരയെക്കുറിച്ചുള്ള കവർ സ്റ്റോറിയെത്തുടർന്നാണു കർഷക കോൺഗ്രസും ഈ ആവശ്യം വേഗത്തിൽ നടപ്പാക്കുന്നതിനുള്ള സമ്മർദം ശക്തമാക്കിയത്. നടുവൊടിഞ്ഞു നില്ക്കുന്ന സംസ്ഥാനത്തെ 45 ലക്ഷത്തോളം കേരകർഷകരെ രക്ഷിക്കാൻ നീര ഉത്പാദനവും വിപണനവും അവർക്കുതന്നെ നല്കുന്നതിലൂടെ മാത്രമേ സാധിക്കൂവെന്നു സംസ്ഥാന കമ്മിറ്റി ചൂണ്ടിക്കാട്ടുന്നു.

കണക്കിൽ മാത്രം മുപ്പതിനായിരം പേരുള്ള ചെത്തുതൊഴിലാളികളെക്കൊണ്ടു നീര ഉത്പാദനം സാധ്യമല്ല. റബർ ബോർഡിന്റെ റബർ ഉത്പാദക സംഘങ്ങളുടെ മാതൃകയിൽ നാളികേര ബോർഡ് കർഷകർക്കും കർഷക തൊഴിലാളികൾക്കും നീര ചെത്തിയെടുക്കുന്നതിനുള്ള പരിശീലനം നല്കണം. ഒരു ലിറ്റർ നീരയ്ക്കു നൂറുരൂപയെന്നു കണക്കാക്കിയാൽപോലും 25 തെങ്ങുകളിൽനിന്നു നീര ഉത്പാദിപ്പിക്കുമ്പോൾ തൊഴിലാളിക്കു മാസം 22,500 രൂപയും കർഷകനു 37,500 രൂപയും ലഭിക്കും.

കേരളത്തിലെ കർഷകനും തൊഴിലാളിക്കും നീര ഉത്പാദനം ഒരുപോലെ ഫലപ്രദമാകും. ഉത്പാദകസംഘങ്ങൾ രൂപീകരിച്ചു പ്രവർത്തിക്കുന്നപക്ഷം നീരയെ മൂല്യവർധിത ഉത്പന്നങ്ങളായി വിപണിയിലെത്തിക്കാനും ബുദ്ധിമുട്ടുണ്ടാകില്ല. അതുവഴി കേരകർഷകന്റെ വരുമാനം പത്തുമടങ്ങെങ്കിലും വർധിപ്പിക്കാം. ഇന്ത്യയിൽ തെങ്ങുകൃഷിയുള്ള മിക്കവാറും സംസ്ഥാനങ്ങളിലും ശ്രീലങ്ക, ഇന്തോനേഷ്യ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളും നീര ഉത്പാദനം തുടങ്ങിയിട്ടും കേരളം പിന്തിരിഞ്ഞുനില്ക്കുന്നതു ബുദ്ധിയല്ലെന്നും യോഗം വിലയിരുത്തി.

സംസ്ഥാന പ്രസിഡന്റ് ലാൽ വർഗീസ് കല്പകവാടി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് സുരേഷ് കോശി, ജനറൽ സെക്രട്ടറിമാരായ ടി.സി.ഗീവർഗീസ്, ജോർജ് കൊട്ടാരം, രാജു എടത്വ, ജോസഫ് കണ്ണൂർ, ജില്ലാ പ്രസിഡന്റ് ശിവരാജൻ തുടങ്ങിയവർ പ്രസംഗിച്ചു.

കേരകർഷകരുടെ ദീർഘകാല ആവശ്യമാണ് സ്വന്തം തെങ്ങിലെ നീര ഉപയോഗിക്കാനും വിപണനം നടത്താനുമുള്ള അനുവാദം. നീര വ്യവസായത്തിനു തുടക്കം കുറിക്കാൻ സംസ്ഥാന സർക്കാരിന്റെ കഴിഞ്ഞ ബജറ്റിൽ തുക വകയിരുത്തിയിട്ടുമുണ്ട്. ലഹരിവിമുക്തമായ പാനീയം ചെത്തിയെടുത്തുവില്ക്കാൻ എക്സൈസ് ഉദ്യോഗസ്ഥരുടെയും യൂണിയൻ നേതാക്കളുടെയും ഷാപ്പുടമകളുടെയും അനുമതിക്കു കാത്തിരിക്കുകയാണു ഭരണക്കാർ.

കേരകർഷകരെ സഹായിക്കാൻ പാക്കേജുകളും പരിപാടികളുമായി ബുദ്ധിമുട്ടുന്ന സർക്കാരിനു നീര ഉത്പാദനവും വിപണനവും വഴി 45 ലക്ഷത്തോളം കർഷകരെ വലിയ ബാധ്യതയില്ലാതെ രക്ഷിക്കാമെന്നതും വലിയ കാര്യമാണ്.